# സ്ത്രീ, കുടുംബം, സദാചാരം : ആദ്യകാല മാസികകളിലെ മൂല്യസങ്കല്പങ്ങൾ - സുമംഗലയെ ആധാരമാക്കി ഒരു പഠനം

- രാജേശ്വരി പുത്തില്ലത്ത്

ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ട ആനുകാലികങ്ങളിൽ സ്ത്രീ എങ്ങനെ പ്രതിനിധാനം ചെയ്യപ്പെട്ടു എന്ന അന്വേഷണം പ്രതിനിധാനപരമായവിമർശനം പ്രധാനവഴിയായി മാറിയ ആധുനികാനന്തരകാലത്ത്പ്രസക്തമാണ്. പാരമ്പര്യത്തിന്റെ നവീകരണവും ആധുനികതയോടുള്ള അഭിമുഖീകരണവും സംഭവിച്ച ആ കാലത്ത്നമ്മുടെ ആധുനികത എത്രുമാത്രം വിമോചനാത്മകമായിരുന്നു, അതോ പരിഷ്കരണ വാദപരം മാത്രമായിരുന്നോ എന്ന ചർച്ചയിലും അന്നുരൂപപ്പെട്ട് പിൽക്കാലത്ത് ഉറച്ച നമ്മുടെ നവോത്ഥാനലോകവീക്ഷണം എത്രുമാത്രം ഇൻക്ലൂസീവ് ആയിരുന്നു എന്ന പരിശോധിക്കുന്നത് നല്ലതാണ്. സ്ത്രീകൾ, ദലിതർ, മുസ്ലീങ്ങളടക്കമുള്ള മറ്റ് ഉപസമൂഹങ്ങളൊക്കെ ഈ വ്യവഹാര മണ്ഡലത്തിൽ എങ്ങനെ പ്രതിനിധാനം ചെയ്യപ്പെട്ടു എന്നും അവർക്ക് ഈ ആധുനിക പൊതുസമൂഹനിർമ്മിതിയുടെ കർത്തൃസ്ഥാനങ്ങളിൽ അവരുണ്ടായി രുന്നവോ എന്നും പലതലങ്ങളിലായി ഇന്ന് കേരളീയ ആധുനികതയെത്തന്നെ വീണ്ടുവായിച്ച കൊണ്ടിരിക്കുകയാണ്. മറ്റ് സാമൂഹ്യ വ്യവഹാരങ്ങളെ പ്പോലെത്തന്നെ അച്ചടി ആധുനികത സൃഷ്ടിച്ച നമ്മുടെ സാഹിത്യ പൊതു വ്യവഹാരമണ്ഡലവും പൊതുവെ സവർണ്ണകേന്ദ്രിതവും ആൺകോയ്മ

യുള്ളതുമായിരുന്നു എന്ന് നിസ്സംശയംപറയാം. അപ്പോൾ അത്തരമൊരു ആണധികാരപരിസരത്ത് സ്ത്രീ കർതൃത്വം എങ്ങനെ പ്രവർത്തിച്ചു എന്നും ആധുനികസ്ത്രീത്വസങ്കല്പം എങ്ങനെ നിർമ്മിച്ചെടുത്തു എന്നുംപഠിക്കുന്നത് കേരളീയ ആധുനികതയുടെ മൂല്യസങ്കല്പങ്ങളെത്തന്നെ പ്രശ്നവത്കരിക്കും.

അച്ചടി ആധുനികതയുടെ പ്രധാനവാഹകമായിരുന്നത് പത്രമാസികകളായിരുന്നല്ലോ. പൊതുമാസികകളിൽ സ്ത്രീകളുടെ എഴുത്തുകൾ നന്നെ വിരളമായിരുന്നു. സ്ത്രീ എന്ന പ്രത്യേക പദവി സാഹിത്യത്തിൽ ലഭിക്കുന്നതല്ലെന്നും പുരുഷനെപ്പോലെ എഴുതാൻ പ്രാപ്തിയുണ്ടെങ്കിൽ മാത്രമെ അംഗീകാരം ലഭിക്കൂ എന്നു വിട്ടുവീഴ്ചയില്ലാതെ പ്രഖ്യാപിച്ച പത്രാധിപർ നമുക്കുണ്ടായിരുന്നു. സാമൂഹ്യവ്യവഹാരങ്ങളിലും സംവാദങ്ങളിലും സ്ത്രീക്ക് കാര്യമായപങ്കുണ്ടായിരുന്നില്ല. സാഹിത്യത്തിലൂടെ അവതരിപ്പിക്കപ്പെട്ട സ്ത്രീവാർപ്പു മാതൃകകളാവട്ടെ പൊതുവെ സാമ്പ്രദായിക കുടുംബിനീ പതിവ്രതാസങ്കല്പങ്ങൾക്കൊപ്പിച്ചുള്ളതായിരുന്നുതാനും. ഈ പൊതു പശ്ചാത്തലത്തിൽ സ്ത്രീകൾക്കു വേണ്ടിമാത്രം പ്രസിദ്ധീകരിച്ചിരുന്ന സ്ത്രീമാസികകൾ എന്നു പൊതുവെ പറയാവുന്ന മാസികകളിലെ ഉള്ളടക്കവും ആഖ്യാനസ്വഭാവവും കാഴ്ചപ്പാടുകളും പരിശോധിക്കുന്നത് നന്നാവും. ആധുനികതയുടെയും പാരമ്പര്യത്തിന്റെയും സംഘർഷവും സമന്വയവും സംഭവിച്ചുകൊണ്ടിരുന്ന ആ കാലത്ത് വനിതാമാസികകളിൽ അവതരിപ്പിക്കപ്പെട്ട സ്ത്രീസങ്കല്പവും അതുവഴിലക്ഷ്യമാക്കിയിരുന്നു. സ്ത്രീ സ്വത്വരൂപീകരണവും ഏതു ദിശയിലായിരുന്നു അവയൊക്കെ എത്രമാത്രം സ്ത്രീപക്ഷനിലപാടുകൾ കൈക്കൊണ്ടിരുന്നു എന്ന ഒരു പുനർവായനനടത്താനാണ് അക്കാലത്തെ ഒരു പ്രധാന മാസികയായ സുമംഗലയെ മുൻനിർത്തി ഈ പ്രബന്ധത്തിലൂടെ ശ്രമിക്കുന്നത്.

**മലയാളത്തിലെ വനിതാമാസികകൾ**

രാജ്യസമാചാരത്തിലൂടെ ആരംഭിക്കുന്ന നമ്മുടെ പത്രമാസികാചരിത്രം സജീവമാകുന്നത് 1850 നശേഷമാണ്. വെസ്റ്റേൺ സ്റ്റാർ, പശ്ചിമതാരക, കേരള പതാക, സന്ദിഷ്ടവാദി, ദീപിക, കേരളമിത്രം, കേരളപത്രിക, കേരളസഞ്ചാരി, മലയാളമനോരമ തുടങ്ങി നിരവധിപത്രങ്ങളും ആനുകാലികങ്ങളും ഈ കാലയളവിലുണ്ടായി..1887 ൽ സ്ത്രീവിദ്യാഭ്യാസത്തിനും വനിതാപുരോഗതിക്കും വേണ്ടി തിരുവനന്തപുരത്തു നിന്നു പുറത്തിറങ്ങിയ 'കേരള സുഗുണ ബോധിനി'യാണ് വനിതകളെ ലക്ഷ്യമാക്കി ഇറങ്ങിയ ആദ്യ മാസിക. ഇതേ സമയത്തുതന്നെ റാവു ബഹദൂർ കൃഷ്ണമാചാര്യർ മദ്രാസിൽ നിന്ന് 'മഹാറാണി' എന്ന പേരിൽ മറ്റൊരു വനിതാപ്രസിദ്ധീകരണം തുടങ്ങുന്നുണ്ട്.1904-ൽ കൊച്ചിയിൽആരംഭിച്ച 'ശാരദ' യാണ് മലയാളത്തിലെ ആദ്യത്തെ വനിതാ പ്രസിദ്ധീകരണം.ഇതിലൂടെ ടി.സി. കല്യാണിഅമ്മ. മലയാളത്തിലെ ആദ്യത്തെ പത്രാധിപയും, പ്രസാധകയുമായിമാറി അടുത്തവർഷം തൃശ്ശൂരിൽ നിന്നിറങ്ങിയ 'ലക്ഷ്മീഭായി' എന്ന വനിതാമാസികയാണ രണ്ടാമതുവരുന്നത്. ആർ.വേലുപിള്ളയുടെ പ്രസാധകത്തിൽ പുറത്തിറങ്ങിയ –'ഭാഷാ ശാരദ'യും സ്ത്രീകളെ ഉന്നംവെച്ചുള്ളതായിരുന്നു.. 1922 ൽ ചെങ്ങന്നൂരിൽ നിന്നു ബി. ഭഗീരഥിയമ്മ പ്രസാധകയായി പുറത്തിറക്കിയ 'മഹിള' മറ്റൊരുസ്ത്രീപക്ഷമാസികയാണ്. കെ.എം. കുഞ്ഞുലക്ഷ്മിക്കുട്ടിയമ്മയുടെ പ്രസാധകത്തിൽ ഇറങ്ങിയ മഹിളാരത്നവുംപരാമർശിക്കാതെവയ്യ.

ഈ ദിശയിൽത്തന്നെ 1901ൽ കായംകുളത്തു നിന്നു പ്രസിദ്ധീകരണമാരംഭിച്ചവനിതാ മാസികയാണ് 'സുമംഗല'. കേരളത്തിലെ ആദ്യകാല മുദ്രാലയങ്ങളിലൊന്നായ കായംകുളത്തെ സുവർണ രത്ന പ്രഭാ പ്രസിലായിരുന്നു അച്ചടിച്ചിരുന്നത്. ഇ.എൻ. കേശവപിള്ള, എരുവയിൽ ചക്രപാണി വാര്യർ, എന്നിവരായിരുന്നു പത്രാധിപർ. എം. രാമസ്വാമി നായിഡുവായിരുന്നു പ്രസാധകൻ. പന്തളത്തു തമ്പുരാൻ, ഉള്ളൂർ, വള്ളത്തോൾ,

അപ്പൻ തമ്പുരാൻ തുടങ്ങിപ്രമുഖരൊക്കെഅതിൽസജീവമായിരുന്നു. മൂന്നുകൊല്ലം മാത്രമേസുമംഗലയ്ക്ക് ആയുസ്സുണ്ടായിരുന്നുള്ളൂ. 'ബ്രഹ്മവിദ്യാഭൂഷൺ പി.കെ. പണിക്കരുടെ നേതൃത്വത്തിൽ പുനഃപ്രസിദ്ധീകരിക്കാൻ ശ്രമമുണ്ടായെങ്കിലും അധികം മുന്നോട്ടുപോയില്ല. 1916ൽ പുറത്തിറങ്ങിയ സുമംഗലമാസികയുടെ ലക്കങ്ങളെയാണ് ഈ പഠനത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്. പൊന്നും ചിങ്ങമാസത്തിലാണ് സുമംഗല പിറന്നതെങ്കിലും ലോകം മുഴുവൻ കൊടും ക്ഷാമത്തിലമർന്ന കാലത്തുപിറന്നതിന്റെ ബാലാരിഷ്ടതകൾ മാസികയെ ബാധിക്കാമെന്ന് 1916ലെ ഒന്നാം ലക്കത്തിൽ പത്രാധിപർ പറയുന്നുണ്ട്. ഗൃഹസ്ഥന്മാർക്കും ഗൃഹഭരണഭാരം വാസ്തവത്തിൽ ഭരിക്കേണ്ടിവരുന്ന ഗൃഹനായികമാർക്കും സുമംഗലാ ഒരു ഉത്തമ ഉപദേഷ്ടാവായിരിക്കണം എന്നാണു തങ്ങളുടെ മോഹം എന്ന് പത്രാധിപർ പറയുന്നുണ്ട്. സന്മാർഗതത്ത്വങ്ങളും ആദർശമഹിതകളുടെയും മഹാന്മാരുടെയും ജീവചരിത്രങ്ങളും ഗൃഹവൈദ്യസംബന്ധിയായകാര്യങ്ങളുമൊക്കെയായിരിക്കും ഉള്ളടക്കം എന്നും സൂചനയുണ്ട്.

### സുമംഗലയിലെ ഉള്ളടക്കവിശകലനം

അന്നു രൂപം കൊണ്ടുകൊണ്ടിരിക്കുന്ന ആധുനികകുടുംബ ഘടനയ്ക്കകത്ത് എങ്ങനെ പാരമ്പര്യമൂല്യങ്ങളോടെ ഒരു ഉത്തമ കുടുംബിനിയായി സ്ത്രീക്ക് നിലകൊള്ളാം എന്ന പൊതുആശയത്തെ ചുറ്റിപ്പറ്റിയാണ് മിക്ക വിഭവങ്ങളും തയ്യാറാക്കിയിരിക്കുന്നത്. സി എസ് സുബ്രഹ്മണ്യൻ പോറ്റിയുടെ ഗൃഹനായിക എന്ന ആദ്യ ഉപന്യാസം തന്നെ ഇതിനുദാഹരണമാണ് ഗൃഹനായിക – (സുമംഗല –കൊ.വ.1091, പുസ്തകം ലക്കം 1/1) കുടുംബത്തിന്റെ ഐശ്വര്യത്തിന്റെ പ്രതീകമായി 'ശ്രീ' യായി സ്ത്രീയെ കാണുന്നു.സ്ത്രീകളും കുഞ്ഞുങ്ങളും കുഞ്ഞുങ്ങളുമില്ലാത്ത ഗൃഹങ്ങൾ കഴുമരതട്ടുപോലെ ഭയാനകമായി, ലേഖകൻ കാണുന്നു.ദാമ്പത്യം എന്ന നാരായത്തിന്റെ ജീവനായി പരിശുദ്ധമായ

അനുരാഗത്തെ കരുതുമ്പോൾ ,അതിന്റെ ബാഹ്യ ലക്ഷണമായി പറയുന്ന സ്വാർഥ രഹിതമായ സ്നേഹം സ്ത്രീ ജനങ്ങളിലാണ് ദീപ്തമാകുന്നത് എന്ന് കൂടി പറഞ്ഞു വക്കുന്നു.സ്ത്രീ എന്നും നിസ്വാർഥയായി കുടുംബത്തെ സ്നേഹിക്കണം എന്ന് ഉറപ്പിക്കാൻ ശ്രമിക്കുന്നു.പുരുഷന്മാരെയും കുഞ്ഞുങ്ങളെയും പരിചരിക്കുക ,ദാസീസന്മാരെ ഭരിക്കുക,ഗൃഹത്തെ വൃത്തിയായി സൂക്ഷിക്കുക ,സുഖ ജീവതത്തിനു വേണ്ട ഒരുക്കങ്ങൾ ചെയ്യുക എന്നിവക്ക് സ്ത്രീക്ക് ജന്മ സിദ്ധമായ കഴിവുണ്ടെന്ന് പറഞ്ഞു വക്കുമ്പോൾ സ്ത്രീയെ എന്നും ഗാർഹികമായ ചുറ്റുപാടിൽ തളച്ചിടുക എന്ന അപ്രഖ്യാപിത ലക്ഷ്യം തന്നെ ആണ് നിറവേറ്റപ്പെടുന്നത് . സ്ത്രീ വിദ്യാഭ്യാസം എന്നതുകൊണ്ട് ഗാർഹിക വൃത്തിക്ക് അവളെ പര്യാപ്തയാക്കുക എന്ന ഉദ്ദേശം മാത്രമേ അർഥമാക്കുന്നുള്ളൂ.

കണ്വൻ ശകുന്തളക്കു നൽകുന്ന ഉപദേശവും ഇതിൽ ചേർക്കുന്നു.

"ഭക്ത്യാ സേവിക്ക പൂജ്യാൽ
മരുവു സഖിയേപ്പോൽ സപത്നീ ജനത്തിൽ
ഭർത്താവിൻ വിപ്രിയം ചെയ്യരുതു നികൃത
യെന്നാകിലും കോപമൂലം
അത്യന്തം ഭ്രിത്യരിൽ വാഴ്ക സരളത
യോഗർവ്വമുൽ സൃജ്യഭോഗേ
ഷ്വിത്ഥം സ്ത്രീകൾ ഭാവികുന്നിഹ
ഗ്രിഹണികളായന്യഥാ ഗേഹ ബാധ

ഒരു ഗ്രഹനായികക്ക് ആവശ്യം വേണ്ട വിദ്യാഭ്യാസത്തിന്റെ മൂലതത്വമായി ഉദ്ധരിചിരിക്കുന്ന വരികളാണ് ഇവ. കൂടാതെ പാതിവ്രത്യത്തിന്റെ പ്രതീകമായ സീതാ ദേവിയെയും ഈ ലേഖനത്തിൽ സൂചിപ്പിക്കുന്നു.രാജഭോഗങ്ങളെല്ലാം വിട്ടെറിഞ്ഞ് കാടുകളിൽ കഴിഞ്ഞിട്ടും സകല ഭോഗങ്ങളും വാഗ്ദാനം ചെയ്ത് ഒരു

സാമ്രാജ്യധിപൻ മുന്നിൽ നിന്നിട്ടും മുഖത്തുപോലും നോക്കാതെ നിന്ന സീത, സീതയെ പാതിവ്രത്യത്തിന്റെ മകുടോദാഹരണം ആയി ചൂണ്ടി കാണിക്കുന്നു.

ഇത്തരത്തിൽ ,സ്ത്രീകളുടെ സ്ത്രീ യുടെ ഉന്നമനം ലക്ഷ്യം വക്കുന്ന എന്നവകാശപ്പെടുന്ന ലേഖനങ്ങളിൽ,സമൂഹം സ്ത്രീയിൽ എക്കാലത്തും അടിച്ചേൽപിക്കാൻ ശ്രമിച്ചിട്ടുള്ള നിയമ സംഹിതകൾ തന്നെയാണ് ആവർത്തിച്ച് ഉറപ്പിക്കുന്നത് എന്ന് വ്യക്തമാണ്.സ്ത്രീയുടെ സ്വാതന്ത്രമോ, സാമൂഹികമായ സ്ഥാനതിലുള്ള ഉന്നമനമോ അവിടെ ചർച്ചയാവുന്നില്ല. ഗൃഹനായികമാരെ രൂപീകരിക്കാൻ ഉള്ള കരുക്കൾ ഏറെ കട്ടപ്പമേറിയത് തന്നെ എന്ന് തിരിച്ചറിയുമ്പോൾ ഒരേ കരുക്കളിൽ വാർത്ത ഇത്തരം ഗൃഹനായികമാരെ യാണ് സമൂഹത്തിനു ആവശ്യം എന്നും പറഞ്ഞു വക്കുന്നു.ഒരു വ്യക്തി എന്ന നിലയിലുള്ള സ്ത്രീയുടെ ചിന്തകൾക്കോ അഭിരുചികൾക്കോ വിലകാൽപിക്കാതെ സമൂഹം കാലങ്ങളായി അനുശാസിക്കുന്ന തോതിൽ സ്ത്രീമനസ്സിനെ പാകപ്പെടുത്തി എടുക്കുക എന്ന ഒരൊറ്റ ഉദ്ദേശമേ ഇത്തരം സ്ത്രീ മാസികാ ലേഖനങ്ങൾക്കുള്ളൂ എന്നത് വ്യക്തമാണ്.

ഹിന്ദു സ്ത്രീകൾ എന്ന പേരിൽ കെ.ആർ.കൃഷ്ണപിള്ള എഴുതിയ മറ്റൊരു ലേഖനം നോക്കുക. വിദേശങ്ങളിലെ സ്ത്രീകളുടെ ജീവിത രീതികളും സ്വതന്ത്ര ചിന്തയും കണ്ടു കേരളീയ സ്ത്രീകൾ ആകൃഷ്ടരായി തങ്ങൾക്കും സ്വാതന്ത്രം വേണമെന്ന് ആഗ്രഹിക്കുമോ എന്ന ഭയത്തിൽ നിന്നാണ് ഈ ലേഖനം രൂപപ്പെടുന്നത് എന്ന് മനസിലാക്കാം.ഹിന്ദു സ്ത്രീ അർഹിക്കുന്ന സ്വാതന്ത്രത്തെ കുറിച്ചും എന്നാൽ വിദേശ വനിതകൾക്കിടയിലെ സ്വതന്ത്രവും ജീവിത രീതികളും ഇവിടത്തെ സാധാരണ സ്ത്രീകൾ ആഗ്രഹിക്കുന്നില്ലെന്നും അവ സമൂഹത്തിനു തന്നെ ദോഷമാണെന്നും ലേഖകൻ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നു.

വൈദേശിക കഴ്ച്ചപ്പാട്ടുകളോട്ടും സംസ്കാരത്തോട്ടും കേരളത്തിലെ സ്ത്രീകൾക്ക് താൽപ്പര്യം തോന്നുമോ എന്നും ഈ താൽപ്പര്യം ഇവടെ നില നിന്നുപോരുന്ന സാമൂഹിക ചുറ്റുപാടുകളെ മാറ്റിമറിക്കുമോ എന്ന ആശങ്കയും ലേഖകൻ പങ്കുവെക്കുന്നു.പ്രത്യേകിച്ചും പരപുരുഷബന്ധങ്ങളെ കുറിച്ചുള്ള കാഴ്ച്ചപ്പാടുകളിലും സ്ത്രീയിൽ മാത്രം കെട്ടിവയ്ക്കുന്ന പാതിവ്രത്യ നിഷ്കർഷയെയും മറ്റും ഇത് തകിടം മറിക്കുമെന്ന ഭയമാണ് ഇത്തരം ലേഖനങ്ങളിലെ ആശങ്കൾക്ക് പുറകിൽ.പുറം ലോകത്തെകുറിച്ചുള്ള അറിവുകൾ വിദ്യാഭ്യാസം നേടുന്നതിലൂടെ സ്ത്രീയിൽ എത്തിച്ചേരുമ്പോൾ

അവളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഭയപടോടടെയാണ് പുരുഷ സമൂഹം നോക്കികാണുന്നത് എന്ന് വ്യക്തം . സന്മാർഗോപദേശം നടത്താനായാണ് അവർ സ്ത്രീ പംക്തികൾ ഉപയോഗപ്പെടുത്തുന്നത്. സ്ത്രീയെ പുരാണ കഥകളുടെയും ആർഷ ഭാരത സംസ്കാരത്തിന്റെയും  പേർ പറഞ്ഞ് എന്നും വീടിന്റെ അകത്തളങ്ങളിൽ മനസ്സും ചിന്തകളും സന്മാർഗചിന്തകളി ബന്ധിക്കാൻ വെമ്പുന്നവരാണ് സ്ത്രീ വർഗത്തെ ഉദ്ധരിക്കാൻ മാസികകളിലൂടെ ഗുലിക ചലിപ്പിക്കുന്ന അന്നത്തെ പുരുഷ സമൂഹം.

സ്ത്രീയും സർക്കാരുദ്യോഗവും – എന്ന സിഎസ്. സുബ്രഹ്മണ്യൻ പോറ്റിയുടെലേഖനവും സ്ത്രീകൾ ആധുനികവിദ്യാഭ്യാസം നെടുന്നതിനെയും ഉദ്യോഗസ്ഥ ലോകത്തേക്കു പ്രവേശിക്കുന്നതിനെയും അസഹിഷ്ണുതയോടെ നോക്കിക്കാണുന്നതാണ്.

ആധുനീക സംസ്കാരത്തിന്റെ കടന്നുകയറ്റത്തിന്റെ ഫലമായാണ് കേരളത്തിലെ സ്ത്രീകൾ ജോലി സമ്പാദിക്കാൻ ആഗ്രഹിക്കുന്നത് എന്ന് അദ്ദേഹം ചൂണ്ടികാണിക്കുന്നു.സ്ത്രീകൾ ജോലിക്ക് പോകുന്നത് കുടുംബത്തിന്റെ അന്തസ്സിനു മോശമാണെന്നും നമ്മുടെ കുടുംബ ജീവിത രീതി പ്രകാരം സ്ത്രീകളുടെ സ്ഥിതിയും അധികാരങ്ങളും കൃത്യങ്ങളും ഗാർഹിക

വൃത്തിയാണെന്നും ഉറപ്പിക്കാനാണ് ഈ ലേഖനത്തിലൂടെ ശ്രമികുന്നത്. ലേഖകന്റെ ചില വിലയിരുത്തലുകൾകാണുക-

"പ്രകൃത്യാ ഉള്ളതും ഇതുതന്നെ അല്ലേ എന്നും പാശ്ചാത്യ രീതിയിൽ കാണുന്നവ പലതും പ്രകൃതി നിയമത്തെ ലംഘിച്ച് ഉണ്ടാക്കപ്പെട്ടിട്ടുള്ള കൃത്രിമ മാർഗ്ഗങ്ങൾ അല്ലെ എന്നും ആ രീതികളെ ആകമാനം പരിശോധിക്കുമ്പോൾ സംശയം ഉണ്ടാകുന്നുണ്ട്."

സ്ത്രീയുടെ സാമൂഹിക അവസ്ഥയെ പ്രകൃതിനിയമമായി വ്യാഖ്യാനിക്കപ്പെടുമ്പോൾ അവളുടെ സ്വാതന്ത്ര്യം അതിന്റെ ലംഘനമായി മാറുന്നു. കൂടാതെ, മുൻ കല്പനകൾക്കനുസരിച്ചാണ്സ്ത്രീ വിദ്യാഭ്യാസം നടപ്പിലാക്കേണ്ടതെന്നും , അത് പുരാതന കാലത്ത് തന്നെ ഭാരതത്തിൽ നിലനിന്നിരുന്നതായും ശകുന്തളയെയും അനസൂയയെയും ഉദാഹരിച്ചുകൊണ്ട് പ്രസ്താവിക്കുന്നു. സർക്കാർ ജോലിയിൽ പ്രവേശിക്കുന്ന സ്ത്രീകൾക്ക് അവർക്കുമേൽ സമൂഹം അനുശാസിക്കുന്ന കർത്തവ്യങ്ങൾ നിർവ്വഹിക്കാൻ സാധിക്കില്ലെന്നും ഇത് കുടുംബത്തിൽ താഴപ്പിഴകൾ സൃഷ്ടികുമെന്നും ഉറപ്പിച്ച് പറയുന്ന ലേഖകൻസ്ത്രീകളിലെ ജോലിയോടുള്ള ആഭിമുഖ്യത്തെ നിരുൽസാഹപ്പെടുത്താൻ കിണഞ്ഞു ശ്രമിക്കുന്നതായി കാണാം. ലേഖനങ്ങളിൽ മാത്രമല്ല സാഹിത്യരചനകളിലും പാരമ്പര്യ സ്ത്രീവാർപ്പുമാതൃകകളെ ആദർശവത്കരിച്ച് അവതരിപ്പിക്കാനാണു ശ്രമിച്ചുകാണുന്നത്. സുമംഗലയിൽ സ്ത്രീരത്നം എന്നനിലയ്ക്ക് സാവിത്രിയുടെ കഥ പ്രസിദ്ധീകരിച്ചിരുന്നു. ആർ.കുളത്തു അയ്യരാണുകഥാകാരൻ. ഇതാകട്ടെ പാതിവ്രത്യത്തിന്റെയും സ്ത്രീയുടെ ത്യാഗത്തിന്റെയും മഹത്വവത്കരണമാണു ലക്ഷ്യമാക്കുന്നത്. സ്ത്രീകളിൽ ഈ മനോഭാവം വളർത്താനും ഉതകുന്ന രീതിയിലാണ് കഥയുടെ ആഖ്യാനം.യമൻ വരം ചോദിക്കുമ്പോൾ തന്റെ ഭർതൃ വീട്ട്കാർക്ക് മാത്രമായി വരങ്ങൾ ചോദിക്കുന്ന സവിത്രിയിലൂടെ ഭർതൃമതിയായ സ്ത്രീ ഭർത്താവിനും കുടുംബത്തിനും

വേണ്ടി മാത്രമായിരിക്കണം എന്ന് വീക്ഷണം ഉറപ്പിക്കുകയാണ് രചയിതാവുംചെയ്യുന്നത്. സാമൂഹികമായി നിലനിന്നു പോരുന്ന അലിഖിത നിയമങ്ങൾ സ്ത്രീ മനസ്സിൽ ഉറപ്പിക്കുക എന്നത് തന്നെയാണ് ഇത്തരം സന്മാർഗ്ഗ കഥകളിലൂടെ ഉദ്ദേശിക്കുന്നത്.

പി.കെ.രാഘവൻ നായരുടെ ഡോക്ടർ ആനന്ദീഭായി ജോഷി എന്ന ലേഖനം സവർണ്ണ ഹിന്ദുത്വ ആൺ മേൽക്കോയ്മയിലൂന്നുന്ന ഒരു രചനയാണ്. ഭാരതീയവനിതകൾക്ക് ഇന്ന് സീതയെപ്പോലെ ഘോര രക്ഷാസരിൽ നിന്നോ , ഇടക്കാലങ്ങളിലെ പോലെ ദുഷ്ടരായ മുഹമ്മദീയരിൽ നിന്നോ യാതൊരു ഭയവും എല്ക്കേണ്ടി വരുന്നില്ലെന്നും ,ഇക്കാലങ്ങളിൽ സ്ത്രീകൾ പല കഷ്ടതകൾ സഹിച്ചാണെങ്കിലും തങ്ങളുടെ പാതിവ്രത്യ ധർമം നിറവേറ്റി വരുന്നവരാണെന്നും ആധുനീക വനിതകൾക്ക് ഇക്കാര്യത്തിൽ ഒരു മാർഗ്ഗ ദർശിയാണ് ആനന്ദിഭായി എന്നും പറഞ്ഞു കൊണ്ടാണ് ഇവരുടെ കഥ വിശദമാക്കുന്നത്.വിദേശത്ത് പോയിട്ടും തന്റെ സംസ്കാരത്തിലോ ചിന്തകളിലോ യാതൊരു മാറ്റവും വരാത്ത ഇത്തരം വനിതകളുടെ കഥയാണ് സ്ത്രീകൾ പാലിക്കേണ്ട നിയമങ്ങളെയും കടമകളെയുംസംബന്ധിച്ച് ബോധാവൽകരിക്കാനായി മാസികയിൽ ഉപയോഗപെടുത്തിയിട്ടുള്ളത് എന്നുകാണാം. അവിദ്യ എന്ന ഘോര രാക്ഷസിയെ സ്ത്രീകൾ ഭയകെണ്ടാതാണ് എന്ന് പറയുന്നു.അവളെ പരാജയപെടുത്തിയാലെ അബലയായ സ്ത്രീ സബലയവൂ എന്ന് പറയുമ്പോൾ തന്നെ സ്ത്രീ വിദ്യാഭ്യാസം നേടേണ്ടത്, കുഞ്ഞുങ്ങളെ സന്മാർഗ്ഗത്തിൽ നടത്തുന്നതിനും രോഗികളെ ശുശ്രൂഷികുന്നതിന് വേണ്ടിയാണെന്ന് കൂടി പറഞ്ഞു വക്കുന്നു.സ്ത്രീ യുടെ ജീവിതം ഇവയെല്ലാം കൊണ്ട് പൂർണമാകുമോ എന്നചോദ്യം അക്കാലചിന്തയിൽ ഉന്നയിക്കപ്പെടുന്നതുപോലുമില്ല.

ഈ ലേഖനത്തിൽ പ്രതിപാദിക്കുന്ന ആനന്ദിഭായി 7 വയസ്സിൽ വിവാഹിതയാവുകയും തുടർന്ന് ഭർത്താവിന്റെ പ്രേരണയാൽ വിദേശത്ത് പഠിച്ച് ഡോക്ടർ ആകുന്നതുമാണ്.എന്നാൽ അവർ പാലിച്ച സാംസ്കാരിക മാതൃകക്കാണ് ഇവിടെ മുൻതൂക്കം.ഈ കാലഘട്ടത്തിൽ സ്ത്രീ പുരോഗതിക്കായി പ്രസിദ്ധീകരിക്കപ്പെട്ട മാസികകളിലെല്ലാം വിദേശ വിദ്യാഭ്യാസം നേടുന്ന സ്ത്രീയിൽ സ്വതന്ത്ര ചിന്തകൾ ഉടലെടുത്ത് നിലവിലുള്ള സംസ്കാരത്തിന് മാറ്റങ്ങൾ സംഭവിക്കുമോ എന്ന ആകുലതകൾപങ്കു വക്കുന്നവയാണ്.അത്തരം പ്രശ്നങ്ങൾ ഇല്ലായ്മ ചെയ്യാൻ സ്ത്രീകളിൽനിലവിലെ സാമൂഹ്യ മൂല്യങ്ങൾ ഉറപ്പിക്കുന്ന തരത്തിലുള്ള ചിന്തകൾ ഉറപ്പിക്കുക ,അതിനുതകുന്ന വിഭവങ്ങൾ മാസികകളിലൂടെ സ്ത്രീ വായനക്കാരിൽ എത്തിക്കുക എന്ന ധർമ്മമാണ് ഇക്കാലത്തെ എഴുത്തുകൾക്കൊക്കെ പിറകിലുള്ളതെന്ന് ഈപറഞ്ഞ ഉള്ളടക്കങ്ങളൊക്കെ സാക്ഷ്യപ്പെടുത്തുന്നു. 'ഒരു പുരാതന ശാപം' എസ്.സുബ്രഹ്മണ്യൻ പോറ്റി- മേരി കാരില്ലയുടെ ഒരു ഇംഗ്ലീഷ് ലേഖനത്തെ അനുവർത്തിച്ച് എഴുതിയതാണ് ഇന്ന് സ്ത്രീകൾ അനുഭവിക്കുന്ന എല്ലാ വിഷമതകൾക്കും കാരണം,പണ്ട് ഏദൻ തോട്ടത്തിൽ ഈശ്വരാജ്ഞക്കു വിരുദ്ധമായി ലോകമാതാവ് പ്രവർത്തിച്ചതാണെന്ന കഥയാണ് ഈ ലേഖനത്തിൽ സൂചിപ്പിക്കുന്നത്.പുരാതന ഗ്രീക്ക് ,റോമൻ ജനതയിൽ സ്ത്രീകൾക്ക് പുരുഷൻ നൽകിവന്ന സ്ഥാനത്തെ കുറിച്ച് പറയുന്നു.വിവിധ സംസ്കാരങ്ങളിലെ ദേവീസങ്കൽപ്പങ്ങളെ കുറിച്ച് ചർച്ച ചെയ്യുന്നുണ്ട്. ഇത്തരത്തിൽ ദേവിയായി അവരോധിക്കപെടുംമ്പോളും യാഥാർത്ഥ ലോകത്തിൽ അവൾക്ക് ലഭിക്കുന്ന അവഗണയും ഇവിടെ സൂചിപ്പിക്കുന്നു. ഇതിനായിന്യായങ്ങളെയും ലേഖകൻ നിരത്തുന്നു. പെട്ടെന്നുണ്ടാകുന്ന വിചാരങ്ങൾക്ക് അടിമപ്പെട്ട പ്രവർത്തിക്കുന്നവളാണ് സ്ത്രീ.

"ഇംഗ്ലണ്ട്,ഫ്രാൻസ്,അമേരിക്ക തുടങ്ങിയ പുരോഗതി കൈവരിച്ച രാജ്യങ്ങളിൽ സ്ത്രീകൾ ആവശ്യമുള്ളിടത്തോളം സ്വാതന്ത്ര്യം അനുഭവിക്കുന്നു.പക്ഷെ ഇതിൽ തൃപ്തി വരാതെ പാർലിമെന്റിൽ ഇടപെടാനും രാജ്യകാര്യങ്ങൾ സംസാരിക്കാനും പോരാടുന്നു.ഇവർ ചെയ്യുന്നത് വൃഥാ യുള്ള പ്രവർത്തിയാണ്.ഇത് നിർത്തി മൌനം പാലിച്ചാൽ തന്നെ ഇവർക്ക് ഹിതമായ പ്രവർത്തി രാജ്യത്ത് ഉണ്ടാകും."- ഫെമിനിസ്റ്റ്മൂവ്മെന്റുകളുടെ ആദ്യഘട്ടമായി വിശേഷിപ്പിക്കപ്പെടുന്ന സ്ത്രീക്ക് പൗരത്വത്തിനും വോട്ടവകാശത്തിനും വേണ്ടിനടന്ന മുന്നേറ്റങ്ങളെപ്പറ്റിയാണിവിടെ സൂചന. സ്ത്രീയുടെ രാഷ്ട്രീയ പ്രവേശനത്തെയും അതിനായുള്ള ഇടപെടലുകളേയും എത്ര ലാഘവത്തോടെയാണ് അന്നത്തെ വനിതാ മാസികകൾ കൂടി കണ്ടിരുന്നത് എന്ന് ഇതിൽ വ്യക്തമാണ്. സ്ത്രീ രാഷ്ട്രീയരംഗത്ത് പ്രവേശിക്കുന്ന ഒരു കാലത്തെ സങ്കൽപ്പിക്കാൻ പോലും ഈ ലേഖകനു സാധിക്കുന്നില്ല. മാത്രമല്ല ഹവ്വയുടെ പിൻഗാമികളായ സ്ത്രീകൾക്ക് ഭരണത്തിലിരിക്കുന്ന തങ്ങളുടെ പുരുഷൻമാരെ വശീകരിച്ച് തങ്ങളുടെ ഇഷ്ടാനുസരണം കാര്യങ്ങൾ സാധിക്കുമെന്ന ഉപദേശവും ലേഖകൻ തരുന്നുണ്ട്. ഏതെങ്കിലും ഒരു സ്ത്രീയുടെ വരുതിയിൽ പ്പെടാത്ത ഒരു പുരുഷൻ പോലും ഈ ഭൂമിയിൽ ഉണ്ടാകില്ലെന്ന് ഉറപ്പിച്ചു പറയുകയും ചെയ്യുന്നുണ്ട് !

ഇത്തരത്തിലാണ് കാര്യങ്ങൾ എങ്കിൽ അവൾക്ക് എന്തിനാണ് സമ്മതിദാനവകാശം,അവൾ ഒരു സാമാജികന്റെ ഭാര്യയായാൽ അവളുടെ അഭിപ്രായം തന്നെ അല്ലെ ഭർത്താവ് പാർലിമെന്റിൽ പറയുക.ഇതല്ലേ ലോകത്തിനു ഏറ്റവും ഗുണപ്രദം.പുരോഗതി നേടിയരാജ്യങ്ങളിൽ സ്ത്രീ സമൂഹം അവളുടെ അവകാശങ്ങൾക്ക് വേണ്ടി പോരാടുമ്പോൾ അക്കാര്യം കേരളത്തിലെ സ്ത്രീക്ക് മുന്നിൽ സ്ത്രീ മാസികയിൽ അവതരിപ്പിക്കപ്പെടുന്നരീതിയാണ് നാം കണ്ടത്.വാർത്താ വിനിമയ ബന്ധങ്ങളും പുറം ലോകത്തെകുറിച്ചുള്ള

അറിവുകളുടെ ലഭ്യതയും വളരെ പരിമിതമായ കാലത്ത് വിദ്യാഭ്യാസം നേടിയ സ്ത്രീക്കുമുന്നിൽ വായിക്കാൻ ലഭിക്കുന്ന മാസികയിലാണ് ഇത്തരം പ്രതിപാദ്യംഎന്നോർക്കണം.

മക്കളുടെ സ്വഭാവരൂപീകരണവും അമ്മമാരും എന്നതാണ് വി.ഐ.തോമസ് എഴുതിയഅമ്മഎന്നലേഖനത്തിന്റെ വിഷയം.ഓരോ കുട്ടിയുടെയും സ്വഭാവശീലങ്ങൾ രൂപപ്പെടുത്തുന്നത് അമ്മമാരാണെന്നും ആ ബാധ്യത പൂർണമായും അവളിൽനിക്ഷിപ്തമാണെന്നും നിരവധി ഉദാഹരണങ്ങളിലൂടെ ലേഖകൻഉറപ്പിക്കുന്നു.ഒരു കുട്ടി നല്ലവനായി തീരുന്നതും ചീത്ത സ്വഭാവമുള്ളവനായി തീരുന്നതും അവന്റെ മാതാവിന്റെ പ്രവൃത്തിക്ക് അനുസരിച്ചാകുമെന്നുകൂടി ലേഖകൻ അഭിപ്രായപ്പെടുന്നുണ്ട്.സ്ത്രീയെ ഇക്കാര്യത്തിൽ അവളുടെ ഉത്തരവാദിത്വം എത്രത്തോളമുണ്ടെന്ന് മനസ്സിലാക്കി കൊടുക്കുകയാണ് ലേഖനം കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി നിരവധി ഉദാഹരണങ്ങൾഅദ്ദേഹം നൽകുന്നുണ്ട് .മിടുക്കരായി വളരുന്ന മക്കൾ തങ്ങളുടെ വിജയത്തിൽ അമ്മയുടെ സ്വാധീനത്തെ സമൂഹത്തിനുമുന്നിൽ തുറന്നു കാണിക്കുന്ന അവസരങ്ങളും അതിൽ അഭിമാനിക്കുന്ന അമ്മമാരെയും ലേഖനത്തിൽ വിശദീകരിക്കുന്നു.ഇത്തരം കാര്യങ്ങളിൽ അമ്മമാർക്ക് വലിയ പങ്കുവഹിക്കാനുണ്ടെങ്കിലും രക്ഷാകർതൃത്വം എങ്ങിനെ മാതാവിൽ മാത്രം ഒതുങ്ങും എന്നചോദ്യം പ്രസക്തമാണ്. സ്ത്രീകുടുംബത്തിന്റെ വിളക്കും കാവൽക്കാരിയുമാണെന്ന ഉത്തമകുടുംബസ്ത്രീ സങ്കല്പമാണ് ഈ ലേഖനങ്ങളൊക്കെ മുന്നോട്ടുവെക്കുന്നത്. പുരുഷന്റെ പങ്ക് തീരെ അവഗണിച്ച് ശിശുവിന്റെ സ്വഭാവവത്കരണത്തിൽ സ്ത്രീയെ മാത്രം ഉത്തരവാദിയാക്കുക എന്ന ഈ കാഴ്ചപ്പാടാണ് പിൽക്കാല കേരളീയ പൊതുബോധത്തിലും നിലനിൽക്കുന്നതെന്നു കാണാം

നഃസ്ത്രീ സ്വാതന്ത്ര്യമർഹതി എന്ന പ്രബന്ധം കെ.പി.കൃഷ്ണപിള്ളയു ടേതാണ്. സ്ത്രീകൾക്ക് ആദിമസമൂഹം നൽകിയ സ്ഥാനം,കാലക്രമത്തിൽ അതിലുണ്ടായ ചലനങ്ങൾ, പിന്നീട് വന്ന രാഷ്ട്രീയ മാറ്റങ്ങൾ സ്ത്രീകളുടെ സാമൂഹിക അവസ്ഥയിൽ ഉണ്ടാക്കിയ മാറ്റങ്ങൾ ഇവയൊക്കെ പ്രതിപാദിക്കുന്നലേഖനം ഇക്കാലത്ത് സ്ത്രീകൾ നേടുന്ന വിദ്യാഭ്യാസവും അതുകാരണം സ്ത്രീ ക്കുണ്ടായ സാമൂഹിക പുരോഗതിയും ചർച്ച ചെയ്യുന്നുണ്ട്. സ്ത്രീയും സമൂഹത്തിന്റെ ആധുനികീകരണത്തിന്റെ ഗുണഭോക്താവുമ്പോൾ ത്തന്നെ അതുണ്ടാക്കുന്ന പ്രശ്നങ്ങളെയും ലേഖകൻ പരാമർശിക്കുന്നുണ്ട്. സ്ത്രീകൾ വീടും കുടും വിട്ട് ജോലിക്ക് പോകുന്നു എന്ന് അദ്ദേഹം ആകുലപ്പെടുന്നു.

അന്യരാജ്യങ്ങളിലെ പോലെ സമ്മദിദാന അവകാശത്തിനായി സ്ത്രീകൾ രംഗത്ത് വരുമോ എന്നും ആശങ്കപ്പെടുന്നു. ഇത്തരത്തിലുള്ള സ്ത്രീപുരോഗതിയെ സംസ്കാരത്തിനെതിരായ ഒന്നായാണ് വിലയിരുത്തുന്നത്. ഇതെല്ലാംസ്ത്രീക്ക് ലഭിക്കുന്ന ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ ന്യൂനതയായിട്ടാണ് ലേഖകൻ കാണുന്നത്.തരളിതയായി നിൽക്കേണ്ട ലത എന്തിനാണ് വൃക്ഷമാകാൻ കൊതിക്കുന്നത് എന്നാണ് ചോദ്യം .ഇത്തരത്തിൽ സ്ത്രീ പുരോഗതിക്ക് എതിരയുള്ള ചിന്തകളും വാദങ്ങളും നിറഞ്ഞ ഈ ലേഖനം അക്കാലത്തെ സ്ത്രീ ശാക്തീകരണത്തിനായെന്നമട്ടിലിറങ്ങിയ സ്ത്രീകൾക്കായുള്ള മാസികയിലാണു പ്രസിദ്ധീകരിക്കപ്പെട്ടത് എന്നതാണ് വൈരുദ്ധ്യം. ഈ വിഷയത്തിൽ പുരാതന ഹിന്ദു സ്ത്രീകൾക്കായുള്ളകൽപ്പനയായനഃസ്ത്രീ സ്വാതന്ത്ര്യമർഹതി എന്നത് ഇന്ന് തെറ്റായി വ്യാഖ്യനിക്കപ്പെടുന്നു എന്നുംലേഖകൻആകുലപ്പെടുന്നു.ഓരോ പ്രായത്തിലും ഓരോരുത്തരാൽ സംരക്ഷിക്കപ്പെടേണ്ട സ്ത്രീക്ക് എന്തിനാണ് പ്രത്യേകിച്ച് വേറൊരു സ്വാതന്ത്ര്യം എന്നതാണ് ചോദ്യം. ചോദ്യം വായനക്കാരായ സ്ത്രീകളോടാണ്.എക്കാലത്തും

പുരുഷന്റെ തണലിൽ അവനെ ആശ്രയിച്ച കഴിയുന്നതല്ലേ സ്ത്രീക്ക് അഭികാമ്യം എന്നും ചോദ്യമുണ്ട് .

പുരാതന ഭാരതീയമതചിന്തകളുടെ പിൻബലത്തിൽ, നൂതന വിദ്യാഭ്യാസം നേടി സ്വാതന്ത്ര്യത്തിന്റെ അനന്ത വിഹായസ്സിൽ പറക്കാന ഗ്രഹിക്കുന്ന സ്ത്രീ മനസ്സുകളുടെ ചിറകരിയുന്ന ഇത്തരം ലേഖനങ്ങളാണ് അച്ചടി ആധുനികതസൃഷ്ടിച്ച സ്ത്രീ മാസികകളിൽവന്നിരുന്നത് എന്നത് അന്നത്തെ ആധുനിക സാമൂഹ്യനിർമ്മിതിതത്ത്വങ്ങളിൽ സ്ത്രീയെ എങ്ങനെയാണ സ്ഥാനപ്പെടുത്തിയത് എന്നതിന്റെ ദൃഷ്ടാന്തമായിക്കാണാം.ഹൈന്ദവ ജീവിത മാർഗ്ഗം എന്നരചന രാമകഥയെ സൂചിപ്പിച്ചുകൊണ്ട് ജീവിത ദർശനത്തെയും ഇതിന്റെ ഭാഗമായി ഭാര്യാഭർതൃബന്ധത്തെയും പ്രതിപാദിക്കുന്നു. പുരുഷൻ സ്ത്രീയെ എല്ലായ്പ്പോഴും ബഹുമാനിക്കണം,പരസ്ത്രീകളെ കുറിച്ച് ചിന്തിക്കാൻ പോലും പാടില്ല ,അങ്ങിനെയുള്ളവർ നരകത്തിൽ പോകേണ്ടി വരും തുടങ്ങിയ സദാചാര ചിന്തകളും ഇതിൽ കടന്നു വരുന്നുണ്ട്.മറ്റെന്ത് നേട്ടങ്ങളെക്കാളും വലുതാണ് ഒരുവൾക്ക് സ്വന്തം പതിയുടെ നിഴൽ പോലും.പാതിവ്രത്യ ധർമ്മം പുലർത്തുന്നവളാണ് യഥാർത്ഥ ഹൈന്ദവ സ്ത്രീ,സ്വാതന്ത്ര്യം മോഹിക്കുന്ന സ്ത്രീകൾ പാതിവ്രത്യ ധർമ്മത്തെ ബലികൊടുക്കുന്നവരാണ് എന്നാണ ലേഖനംപറയുന്നത്. സീതയും ദമയന്തിയും പോലുള്ളവരുടെ പേരുകൾ മറവിയിൽ മറയുന്നതോടെ ഇന്ത്യയുടെ മഹിമയും അസ്തമിക്കും എന്ന് പറഞ്ഞു വക്കുന്നു.സദാചാരബോധവും പാതിവ്രത്യ ധർമ്മവും സ്ത്രീകൾ തള്ളിക്കളയുമോ എന്ന ഭയപ്പാടാണ് ലേഖനത്തിൽ പങ്കുവെയ്ക്കപ്പെടുന്നത്.ഇതെല്ലാം നശിച്ചാൽ ഭൂമി തന്നെ നശിച്ചു പോകുമെന്ന മുന്നറിയിപ്പുംലേഖകൻ നൽകുന്നുണ്ട്.

സ്ത്രീത്വമഹാത്മ്യം എന്നലേഖനംപറയുന്നത് ഇപ്രകാരമാണ്. ലോകത്തിലെ എല്ലാ മഹാന്മാരുടെ അമ്മമാരും ഏതെങ്കിലും വിധത്തിൽ ശ്രേഷ്ഠകളായി ഇരുന്നിട്ടുണ്ട്.പുത്രന്റെ ഭാവി അച്ഛന്റെ പ്രകൃതിയെ

അത്യധികമായി അശ്രുയിച്ച കാണുന്നില്ല.അമ്മതന്നെയാണ് മക്കളുടെ സകല ഗുണദോഷത്തിനും കാരണക്കാരി .ഇതിനായി ലോകപ്രശസ്തരായ മഹാന്മാരെയും വീരയോദ്ധാക്കളെയും അവരുടെ മാതാക്കളെയുംഉദാഹരിക്കുന്നു. നേപ്പോളിയനെയും അവരുടെ ത്യാഗിയായ മാതാവിനെ കുറിച്ചും വിശതീകരിക്കുന്നു.മക്കൾ ലോകത്ത് അറിയപ്പെടുന്നവരാകണമെങ്കിൽ അവരുടെ അമ്മമാർ വലിയ ത്യാഗങ്ങളും കഷ്ടതകളും സഹിക്കണം എന്നാണ് ധ്വനി.

**ഉപസംഹാരം**

ഇങ്ങനെ സുമംഗലയിൽ വന്ന ലേഖനങ്ങളൊക്കെയും സ്ത്രീകൾക്കായി ഭാരതീയപരമ്പരാഗത സമൂഹം കാലങ്ങളായി കരുതിവച്ചിട്ടുള്ള സന്മാർഗ്ഗ ചിന്തകളും ഉപദേശങ്ങളും എല്ലാം ചിട്ടയായി വിവിധരൂപങ്ങളിൽ അവതരിപ്പിക്കുന്നു എന്നുകാണാം.പാശ്ചാത്യ ആധുനികതയുടെ വെളിച്ചം സ്ത്രീയിലേക്കും കുടുംബത്തിലേക്കും സംക്രമിച്ചാൽ അത് പാട്രിയാർക്കൽ ആയ കുടുംബഘടനയ്ക്കുമേലും ആൺകോയ്മാസംസ്കാരത്തിനുമേലും സാമൂഹ്യാധികാര ക്രമത്തിനുമേലും സൃഷ്ടിച്ചേക്കാവുന്ന ആഘാതങ്ങളെപ്പറ്റി ഉത്കണ്ഠപ്പെടുന്ന താണ് സുമംഗലയിലെ ഓരോ രചനകളും എന്ന് സൂക്ഷ്മവായന യിൽ ബോധ്യമാവും. ടി.സി.കല്യാണിയമ്മയെ വിശദമായി പരിചയപ്പെടുത്തുന്ന ലേഖനത്തിൽ പോലും ഉത്തമയായ ഒരു കുലസ്ത്രീസങ്കല്പത്തിന്റെ മാതൃകയിലാണവരെ ഉറപ്പിക്കുന്നതെന്നുകാണാം. പുരാണങ്ങളോടു അവമതിപ്പുള്ള പുത്തൻപരിഷ്കാരിപ്പെണ്ണുങ്ങൾ ഇംഗ്ലീഷും സംസ്കൃതവും മലയാളവും നന്നായി അറിയാവുന്ന കല്യാണിയമ്മയ്ക്കുള്ള പുരാണപാരായണ ഭക്തികണ്ടുപഠിക്കണംഎന്നുലേഖകൻപറയുന്നുണ്ട്.ചുരുക്കത്തിൽ പിതൃകേന്ദ്രിത സാമ്പ്രദായികകുടുംബസങ്കല്പത്തിനകത്തു തന്നെ വിദ്യാഭ്യാസപുരോഗതിയിലൂടെ സാമൂഹ്യ പുരോഗതി കൈവരിച്ചേക്കാൻ സാധ്യതയുള്ള സ്ത്രീസമൂഹത്തെ

ഉറപ്പിച്ചുനിർത്താനും പശ്ചാത്യ ലിബറൽധാരയിലേക്ക് ആകർഷിക്കപ്പെടാതെ പാരമ്പര്യപാതിവ്രത്യ സങ്കല്പത്തിൽ സ്ത്രീയെ ഉറപ്പിച്ചു നിർത്താനുമുതകുന്ന ഒരു സ്ത്രീസ്വത്വ നിർമ്മിതിയാണ് മറ്റു പല സ്ത്രീമാസികകളെയും പോലെ സുമംഗലയും ലക്ഷ്യമാക്കിയിരുന്നതെന്ന് പറയാം

**ആധാരഗ്രന്ഥങ്ങൾ**

- പുതുപ്പള്ളിരാഘവൻ (2008), കേരളപത്രപ്രവർത്തനചരിത്രം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ
- സുമംഗല – വിവിധലക്കങ്ങൾ

---

***രാജേശ്വരി പുത്തില്ലത്ത്, ജി.എച്ച്.എസ്.എസ്. ഇരിമ്പിളിയം***